# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/06/ 2019

## ജില്ലയിൽ വീണ്ടും പോലീസിന്റെ കഞ്ചാവ് വേട്ട

കൊല്ലം : വിൽപ്പനക്കായി കൊണ്ടു വന്ന 2 കിലോ കഞ്ചാവുമായി 3 പേരെ കൊല്ലം സിറ്റി പോലീസ് അറസ്റ്റ് ചെയ്തു. കൈതക്കോട്, പവിത്രേശ്വരം പ്രസന്ന വിലാസത്തിൽ അഖിൽകുമാർ (22), പടപ്പക്കര പുള്ളിക്കോട് ദിവ്യപ്രഭയിൽ ഷാരോൺ (18), പടപ്പക്കര, പുന്നവിള വീട്ടിൽ രാഹുൽ(22) എന്നിവരാണ് പിടിയിലായത്. കൊല്ലം



സിറ്റി പോലീസ് കമ്മീഷണർ മെറിൻ ജോസഫ് ഐ പി എസിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം സിറ്റി പോലീസ് ഷാഡോ ടീം ആണ് കഞ്ചാവുമായി ഇവരെ പിടികൂടിയത്. മയ്യനാട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നും പിടികൂടിയ ഇവരെ ചോദ്യം ചെയ്തതിൽ കഞ്ചാവിന്റെ വിൽപ്പന സംഘങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് പോലീസ് അറിയിച്ചു. ഇരവിപുരം പോലീസ് ഇൻസ്പെക്ടർ സി ദേവരാജന്റെ നേതൃത്വത്തിൽ ഇരവിപുരം സബ് ഇൻസ്പെക്ടർ ശ്രീ ജ്യോതി സുധാകർ, സിറ്റി ഷാഡോ ടീം അംഗങ്ങളായ ബൈജു.പി.ജെറോം, ശ്രിജു, സജു, മനു, സീനു, റിപു, എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.കഴിഞ്ഞ ആഴ്ച 5 കിലോ കഞ്ചാവുമായി 3 പേരെ കൊല്ലം സിറ്റി ഷാഡോ ടീം പാരിപ്പള്ളിയിൽ നിന്നും അറസ്റ്റ് ചെയ്തിരുന്നു.

തുടർന്നുള്ള ദിവസങ്ങളിൽ കൂടുതൽ ശക്തമായ പരിശോധനകൾ ഉണ്ടാകുമെന്നും മയക്കു മരുന്ന് സംഘങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അറസ്റ്റ് ഉണ്ടാകുമെന്നും സിറ്റി പോലീസ് കമ്മീഷണർ മെറിൻ ജോസഫ് ഐ പി എസ് അറിയിച്ചു.